# കൊരട്ടിമുത്തിയോടുള്ള പ്രാർത്ഥന

നന്മ നിറഞ്ഞ കന്യകേ, ദയവുള്ള മാതാവേ, കൊരട്ടിമുത്തി , ഞാൻ എൻറെ ശരീരവും, ആത്മാവും, ചിന്തകളും, പ്രവൃത്തികളും, ജീവിതവും, മരണവും നിന്നിൽ ഭരമേൽപ്പിക്കുന്നു. ഓ, അമ്മെ കൊരട്ടിമുത്തി, അങ്ങ് കൈകളിലേന്തിയ ഞങ്ങളുടെ കർത്താവായ ഉണ്ണിയേശുവിന്റെ അനുഗ്രഹത്താൽ എല്ലാ പ്രലോഭനങ്ങളിൽ നിന്നും എന്നെ മോചിപ്പിക്കേണമേ, അങ്ങയുടെ പുത്രനും എന്റെ ദൈവവുമായ യേശുവിന്റെ കൃപയും അനുഗ്രഹവും എനിക്ക് ലഭ്യമാക്കണമേ. ഓ മറിയമേ, കൊരട്ടിമുത്തി, ഏതിനെക്കാളും ഉപരിയായി പൂർണ്ണ ഹൃദയത്തോടെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഓ എന്റെ കൊരട്ടിമുത്തി, ദൈവമാതാവേ, എനിക്ക് എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്യേണമേ. എന്റെ എല്ലാ അപേക്ഷകളും, വിശിഷ്യ ( ആവശ്യം പറയുക....) അങ്ങയുടെ പുത്രനായ യേശുവിന്റെ അനുഗ്രഹത്താൽ സാധിച്ചു തരുവാനും സഹായിക്കേണമേ ആമേൻ.

*പരിശുദ്ധ അമ്മെ കൊരട്ടിമുത്തി...*

*ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ*